# ചോദിച്ചുവാങ്ങുന്ന ദാരിദ്ര്യം

عنْ أبى سَعِيد الخدرى رضى الله عنه انّ النبيﷺ كان يَقُول: اللّهمّ أَحْيِنى مِسكيناً وأمِتْنِى مِسكيناً وَاحْشُرْنِى فى زمرة المَسَاكِين يَوْم القِيامة

**അബൂസഈദിൽ ഖുദ്‌രിയിൽനിന്ന്: "നബി(സ) പ്രാർഥിക്കാറുണ്ടായിരുന്നു: അല്ലാഹുവേ നീ എന്നെ ദരിദ്രനായി ജീവിപ്പിക്കുകയും ദരിദ്രനായി മരിപ്പിക്കുകയും ചെയ്യേണമേ. അന്ത്യദിനത്തിൽ ദരിദ്രഗണത്തിൽ എന്നെ ചേർത്തുനിർത്തുകയും ചെയ്യേണമേ" (ഇബ്നു മാജ)***

**ഭൗതികജീവിതത്തോടുള്ള** നബിയുടെ നിലപാട് വ്യക്തമാക്കുന്ന ഹദീസുകളിലൊന്നാണിത്. അവിടുന്ന് നിത്യശീലമാക്കിയിരുന്ന പ്രാർഥനകളിലൊന്ന്. ഇഹലോകത്ത് വിനയാന്വിതനായി ജീവിക്കാൻ ദാരിദ്ര്യത്തിന്റെ പാത സ്വയം തെരഞ്ഞെടുക്കാം എന്ന് ഈ ഹദീസ് പഠിപ്പിക്കുന്നു. ദാരിദ്ര്യം രണ്ട് തരമുണ്ട്. തട്ടിയകറ്റാനാവാത്ത വിധം മനുഷ്യനിൽ വന്നുചേരുന്നതാണ് അതിലൊന്ന്. സ്വമേധയാ തെരഞ്ഞെടുക്കുന്ന ദാരിദ്ര്യാവസ്ഥയാണ് രണ്ടാമത്തേത്. ദാരിദ്ര്യം സ്വയം തെരഞ്ഞെടുത്ത് ജീവിക്കുകയായിരുന്നു നബി(സ). സുഖലോലുപതയും സമ്പത്തിന്റെ കൊഴുപ്പും അവിടുന്ന് ആഗ്രഹിച്ചില്ല. അതുകൊണ്ടാണ് ഇത്ര ആർജവത്തോടെ പ്രാർഥിക്കാൻ നബി(സ)ക്ക് സാധിച്ചത്. സമ്പന്നത ആഗ്രഹിച്ചിരുന്നുവെങ്കിൽ അത് ഏതളവിലും നേടിയെടുക്കാൻ നബി(സ)ക്ക് കഴിയുമായിരുന്നു. അല്ലാഹുവോട് പ്രാർഥിച്ചിരുന്നെങ്കിൽ, മക്കയിലെ മാത്രമല്ല ഭൂമുഖത്തെ പർവതങ്ങളാകെ സ്വർണമാക്കി മാറ്റി ജീവിക്കാൻ തനിക്ക് സാധിക്കുമായിരുന്നുവെന്ന് നബി(സ) ഒരിക്കൽ പറഞ്ഞിട്ടുണ്ട്. ഇഹലോകത്തോ അതല്ല പരലോകത്തോ കേമനാവേണ്ടതെന്ന അല്ലാഹുവിന്റെ ചോദ്യത്തിന്, പരലോകത്ത് എന്നായിരുന്നു നബിയുടെ മറുപടി. പരലോകത്തും ദരിദ്ര സംഘത്തോടൊപ്പം ചേരാനാണ് നബി(സ) ആഗ്രഹിച്ചത്.

ഈ നിലപാട് കൈക്കൊള്ളാൻ നബി(സ)ക്ക് രണ്ട് കാരണങ്ങളുണ്ടായിരുന്നു. ഒന്ന്, പരലോകത്ത് സമ്പന്നരായ അഹങ്കാരികൾ അനുഭവിക്കുന്ന ശിക്ഷയെ കുറിച്ചുള്ള ബോധം. അത് അവിടുന്ന് വിശദീകരിക്കുന്നു: "മൺതരികളെപ്പോലെ ചവിട്ടിമെതിക്കപ്പെടുന്നവരായി അഹങ്കാരികളെ മനുഷ്യരൂപത്തിൽ അന്ത്യദിനത്തിൽ ഒരുമിച്ചുകൂട്ടും. നിന്ദ്യത നാലുഭാഗത്തുനിന്നും അവരെ പൊതിഞ്ഞിരിക്കും. നരകത്തിലെ ബൗലസ് എന്നറിയപ്പെടുന്ന തടവറകളിലേക്ക് അവർ തെളിക്കപ്പെടുന്നതാണ്. നരകത്തീ അവർക്കു മീതെ കത്തിയാളും. നരകവാസികളുടെ ചുടുനീരാണ് അവർക്ക് പാനീയം" (അഹ്മദ്).

രണ്ട്, സാധാരണക്കാരിലൊരാളായി ജീവിച്ചാൽ മാത്രമേ പ്രബോധന പ്രവർത്തനം പ്രബോധിതരിൽ ചലനമുണ്ടാക്കുകയുള്ളൂ. ദന്തഗോപുരങ്ങളിൽ നിന്നുള്ള പ്രഭാഷണങ്ങൾ ഫലം ചെയ്യില്ല. ജനത്തെ സഹിച്ചും അവരിൽനിന്നുണ്ടാകുന്ന അവിവേകവും ക്ഷമയില്ലായ്മയും അതിജീവിച്ചുമാണ് വിശ്വാസി ജീവിക്കേണ്ടത്. എന്നല്ല അവരിൽനിന്നുള്ള സ്തുതിവാക്കു പോലും നബി(സ) ഇഷ്ടപ്പെട്ടിരുന്നില്ല. "മർയം പുത്രനോട് ക്രൈസ്തവർ പരിധിവിട്ട് പെരുമാറിയപോലെ നിങ്ങൾ എന്നെ പരിധിവിട്ട് പ്രശംസിക്കരുത്. ഞാനൊരു *അബ്ദ്* (ദൈവദാസൻ) മാത്രമാണ്. അല്ലാഹുവിന്റെ ദാസനും റസൂലും എന്നേ നിങ്ങളെന്നെ വിളിക്കാവൂ" (ബുഖാരി).

മറ്റൊരിക്കൽ നബി(സ) പറഞ്ഞു: "സാധാരണ മനുഷ്യൻ ഭക്ഷണം കഴിക്കുന്നതുപോലെയാണ് ഞാനും ഭക്ഷണം കഴിക്കുന്നത്. സാധാരണക്കാരൻ ഇരിക്കുന്നതുപോലെയാണ് എന്റെ ഇരുത്തവും" (അബൂയഅ്‌ലാ). അല്ലാഹുവിന്റെ ദാസൻ എന്ന വിനയപ്രഖ്യാപനത്തോടൊപ്പം, മറ്റുള്ളവരിൽനിന്ന് അകന്നുമാറി നിൽക്കുന്ന ഒരു നില തനിക്കാവശ്യമില്ലെന്ന സന്ദേശവും ഈ വചനം ഉൾക്കൊള്ളുന്നു. നബി(സ) പറഞ്ഞു: "ഉള്ളിൽനിന്നു പുറവും പുറമെ നിന്ന് ഉള്ളും കാണാൻ പറ്റുന്ന ഭവനം സ്വർഗത്തിലുണ്ട്. അബൂമൂസൽ അശ്അരി (റ) ചോദിച്ചു: അതാർക്കുള്ളതാണ്? അവിടുന്ന് പറഞ്ഞു: സൗമ്യമായി സംസാരിക്കുന്നവർക്കും ആവശ്യക്കാർക്ക് ഭക്ഷണം നൽകുന്നവന്നും ജനം നിദ്രയിലായിരിക്കെ അല്ലാഹുവെ ഓർത്ത് രാത്രി കഴിച്ചുകൂട്ടുന്നവർക്കുമുള്ളതാണത്" (അഹ്മദ്, ഇബ്നു ഹിബ്ബാൻ).

വിനയാന്വിതന്നും ആളുകൾക്ക് കാര്യങ്ങൾ എളുപ്പമാക്കുന്നവന്നും ജനങ്ങൾക്കൊപ്പം ജീവിക്കുന്നവന്നും അല്ലാഹു നരകം വിലക്കിയിരിക്കുന്നുവെന്നാണ് (അഹ്മദ്) മറ്റൊരു വചനം.

പ്രാർഥിക്കുന്നതുപോകട്ടെ, ഈ ഹദീസ് പാഠത്തിന് നൽകിയ തലവാചകം കണ്ട് വിശ്വാസികൾ പോലും ഭയപ്പെടുന്ന കാലമാണിത്. അത്രമാത്രം ഭൗതികതയിൽ ആണ്ടു പോയിരിക്കുന്നു എല്ലാവരും. കിട്ടുന്നതൊന്നും ആർക്കും തികയുന്നില്ല. ആർത്തി തീരാതെ വീണ്ടും വീണ്ടും ദുനിയാവ് നേടാൻ നെട്ടോട്ടമോടുകയാണ്. വിശ്വാസി നേരിടുന്ന പരീക്ഷണം, നബി(സ)യുടെ ഈ പ്രാർഥന ഉള്ളിൽതട്ടി ഏറ്റുപറയാൻ അവന് കഴിയുന്നുണ്ടോ എന്നതാണ്.

**റഫീഖുർറഹ്മാൻ**

അവലംബം: *അൽമുജ്തമഅ്*, 2009 ജൂൺ 12

* അബ്ദുബ്നു ഹമീദും ഇബ്നു മാജയും അവരുടെ സുനനുകളിൽ ഇത് സ്വഹീഹായ നിവേദക ശ്രേണിയോടെ ഉദ്ധരിച്ചിട്ടുണ്ട്.